"ഭരണഭാഷ-മാതൃഭാഷ"

37

19 NOV 2019

കേരള സർക്കാർ

E/24200

scanned 20-11-19

സംഗ്രഹം

ധനകാര്യ വകുപ്പ്- എല്ലാ താലൂക്ക് തഹസിൽദാർമാർക്കും വില്ലേജാഫീസുകളിൽ ഓരോ ദിവസവും പിരിയുന്ന റവന്യൂ റിക്കവറി തുകകൾ നിക്ഷേപിക്കുന്നതിനായി ബന്ധപ്പെട്ട ട്രഷറികളിൽ ഓരോ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (സ്കീംലൈനിംഗ്) വകുപ്പ്

സ.ഉ.(സാധാ)നം.9070/2019/ധന. **തീയതി, തിരുവനന്തപുരം, 18/11/2019**

പരാമർശം :-ലാൻഡ് റവന്യൂ കമ്മീഷണറുടെ 17/05/2019 തീയതിയിലെ എൽ. ആർ. (ഐ.റ്റി.സെൽ) 21896/2017 നമ്പർ കത്ത്

ഉത്തരവ്

എല്ലാ താലൂക്ക് തഹസിൽദാർമാർക്കും വില്ലേജാഫീസുകളിൽ ഓരോ ദിവസവും പിരിയുന്ന റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള സർക്കാർ ഇതര അടവുകൾ ബന്ധപ്പെട്ട താലൂക്ക് തഹസിൽദാർമാർ പരിശോധിച്ച് അതാത് ദിവസങ്ങളിൽ അർത്ഥനാധികാരികൾക്ക് ഒടുക്കുന്നതിനായി ബന്ധപ്പെട്ട ട്രഷറികളിൽ ഓരോ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറക്കുന്നതിന് അനുമതി നൽകണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, എല്ലാ താലൂക്ക് തഹസിൽദാർമാർക്കും വില്ലേജാഫീസുകളിൽ ഓരോ ദിവസവും പിരിയുന്ന റവന്യൂ റിക്കവറി തുകകൾ നിക്ഷപിക്കുന്നതിന് മാത്രമായി ബന്ധപ്പെട്ട ട്രഷറികളിൽ ഓരോ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറക്കുന്നതിന് അനുമതി നനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുരേഷ് കുമാർ.ഒ.ബി
ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ)കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ലാൻഡ് റവന്യൂ കമ്മീഷണർ , ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം, പബ്ലിക് ഓഫീസ് ബിൽഡിംഗ് , തിരുവനന്തപുരം-33
ധനകാര്യ (വ്യയം-ബി) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പുറത്തിറക്കുന്നവർ E2/24200/2019 തീയതി 25/11/2019

പ്രസ്തുത എല്ലാ ട്രഷറി ഓഫീസർമാർക്കുമുള്ള അറിവിലേക്കായി അയക്കുന്നു.

ട്രഷറി ഡയറക്ടർക്കു വേണ്ടി